


u8

## ഗവ: ഹൈസ്കൂൾ വെങ്ങപ്പറ്റ.



കോടേരിച്ചാൽ വെങ്ങപ്പറ്റ പ്രദേശത്ത് ഒരു പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനം ആദ്യകാലത്ത് ഉണ്ടായിരുന്നില്ല. അടുത്തുണ്ടായിരുന്ന ഏക സ്കൂൾ ഇന്നത്തെ മുസ്ലീം പള്ളിക്ക് സമീപം ഉണ്ടായിരുന്ന കന്നുമ്മൽ സ്കൂൾ( ഇന്നത്തെ വൃന്ദാവനം എയുപി സ്കൂൾ) ആയിരുന്നു. തുടർന്നാണ് നല്ലവരായ ഒരുസംഘം നാട്ടുകാർ ഒരുമിച്ചു ചേർന്ന് ഒരു സ്കൂളിനെപ്പറ്റി ആലോചിക്കുന്നത്. ഇവരുടെ ശ്രമത്തിന് ഫലമായി കണിയാംകണ്ടി ചാത്തപ്പൻ നായരുടെ സ്ഥലത്ത് വെങ്ങപ്പറ്റ ഗവ എൽ പി സ്കൂൾ എന്ന ഏകാധ്യാപക വിദ്യാലയം 1954 ആരംഭിക്കുകയും ചെയ്തു. വിശ്വനാഥൻ മാസ്റ്റർ ആയിരുന്നു പ്രഥമാധ്യാപകൻ. ഒരു മാവിന്റെ ചുവട്ടിൽ കെട്ടിയുണ്ടാക്കിയ ഷെഡ്– താഴെ വയൽ നല്ല കുളിർമയുള്ള ഗ്രാമീണാന്തരീക്ഷം എല്ലാ അർത്ഥത്തിലും ഒരു സരസ്വതി ക്ഷേത്രം

രണ്ടാം ക്ലാസ് വന്നുകഴിഞ്ഞപ്പോൾ തന്നെ സ്ഥലമില്ലാത്ത സാഹചര്യം വന്നു ഇന്നത്തെ കോടേരിച്ചാൽ അത്

അങ്ങാടിക്ക മുകളിലുള്ള ഒരു പുളിമരത്തിലെ ചുവട്ടിലുള്ള സ്ഥലം ശ്രീ പുതുശ്ശേരിയിൽ അഹമ്മദ് ഹാജിയുടെ പ്രതിമാസം

10 രൂപ വാടകക്കെടുത്ത് അതിൽ നാട്ടുകാർ ഷെഡ് കെട്ടി. ഒന്നുരണ്ടു വർഷം രണ്ടിടത്തുമായി ക്ലാസ് നടത്തി. നീ

അഹമ്മദ് ഹാജിയുടെ സ്ഥലത്ത് 2 ഷെഡ്ഡുകൾ നിർമിച്ചു. എന്നിട്ടും സ്ഥലപരിമിതി പ്രശ്നമായതിനാൽ കുറേക്കാലം

ഷിഫ്റ്റ് സമ്പ്രദായത്തിൽ സ്കൂൾ നടത്തേണ്ടിവന്നു. ശ്രീ നല്ലാശ്ശേരി ബാലൻ മാസ്റ്റർ വിശ്വനാഥൻ മാസ്റ്റർക്ക് ശേഷം പ്രധാന

അധ്യാപകനായി. സാമിനിടീച്ചർ, ശ്രീമതി ടീച്ചർ, നമ്പീശൻ മാസ്റ്റർ, കൊയിലോത്ത് പറമ്പിലെ പോക്കർ മാസ്റ്റർ

എൻഡിഎഫ് അധ്യാപക ശ്രേഷ്ഠർ ഈ പ്രദേശത്തുകാർക്ക് ആദ്യാക്ഷരം പകർന്നുനൽകിയ ആദരണീയരായ

ഗുരുനാഥന്മാരായിരുന്നു.

അഞ്ചാം ക്ലാസ് വരെയുള്ള എൽപി സ്കൂളായി ഈ സ്ഥാപനം വളർന്നു

കഴിഞ്ഞപ്പോൾ സ്ഥലസൗകര്യം ഇല്ലാത്ത അവസ്ഥ സംജാതമായി.നാട്ടുകാരുടെ അപേക്ഷ മാനിച്ച് ഒരു

സാധാരണക്കാരൻ മാത്രമായ ശ്രീ വീട്ടിയുള്ള പറമ്പിൽ കേളപ്പൻ സൗജന്യമായി നൽകിയ 27 സെൻറ് സ്ഥലത്തേക്ക്

സ്കൂൾ മാറ്റി സ്ഥാപിക്കുകയും ചെയ്തു. സൗജന്യമായി ലഭിച്ച സ്ഥലത്തോടനുബന്ധിച്ച് 1 ഏക്കർ സ്ഥലം സർക്കാർ പൊന്നും

വിലയ്ക്ക് എടുക്കുകയും ഷെഡ് കെട്ടി സ്കൂൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തത് പിന്നീടാണ്. അപ്പോഴേക്കും അവിടെ 20

വർഷത്തോളം ഹെഡ്മാസ്റ്റർ പദവി അലങ്കരിച്ച രാമർ മാസ്റ്റർ ചുമതലയേൽക്കുക ഉണ്ടായി. അദ്ദേഹം ഇന്ന് ഓർമ്മ

മാത്രമായി.

പിന്നീട് ടി എം ഗോവിന്ദൻ മാസ്റ്റർ , k k ജാനകിയമ്മ, കെ കെ കുഞ്ഞിക്കണ്ണൻ മാസ്റ്റർ, കെ നാരായണൻ നമ്പൂതിരി, കെ സുകുമാരൻ മാസ്റ്റർ, എ കുഞ്ഞബ്ദുള്ള മാസ്റ്റർ, പി വി വർഗീസ് മാസ്റ്റർ, k u നാരായണൻ മാസ്റ്റർ, എ കുമാരൻ മാസ്റ്റർ, ടി ദാമോദരൻ നമ്പീശൻ മാസ്റ്റർ, വി പി പ്രസന്നകുമാരി ടീച്ചർ, പി ശോഭന ടീച്ചർ, വി കെ ബാലൻ മാസ്റ്റർ എന്നിവർ ഇവിടെ പ്രധാന അധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ബേബി സ്റ്റെല്ല ടീച്ചറാണ് പ്രധാന അധ്യാപിക.

സർവ്വശ്രീ വി ഇ തോമസ്, പി സി ബാലൻ നായർ, എടക്കാട്ടിൽ രാഘവൻ നായർ, എംപി രാഘവൻ നായർ, ജി എൻ കോടേരി, കെ കുഞ്ഞനന്തൻ നായർ, p k k കരീഫ്, പി സി കെ നായർ, പി അബ്ദുറഹിമാൻ, കെ കെ ഭാസ്കരൻ, കെ രാമദാസ് തുടങ്ങിയവർ ഇവിടെ പിടിഎ പ്രസിഡണ്ടുമാരായി പ്രവർത്തിച്ചിട്ടുണ്ട്.

നാട്ടുകാർ 60 x 20 അളവിൽ കെട്ടിടം നിർമിച്ചു നൽകാമെന്ന വ്യവസ്ഥയിലാണ്

1982 ൽ ഈ എൽ പി സ്കൂൾ ഒരു യുപി സ്കൂളായി ഉയർത്തപ്പെട്ടത്. ഒരു കുന്നിന് മുകളിൽ വെള്ളമില്ലാത്ത കളി സ്ഥലമില്ലാത്ത കെട്ടിടം ഇല്ലാത്ത ഇല്ലായ്മകൾ കൊണ്ട് സമ്പന്നമായ വിദ്യാലയം. നാട്ടുകാർ കെട്ടിടനിർമാണത്തിന് വളരെയധികം സഹായിച്ചു. സ്കൂളിലെ വകയിൽ പണം പയറ്റ് നടത്തി. വീടുവീടാന്തരം കയറി പിരിവു നടത്തി. കുറച്ചു വർഷങ്ങൾക്കുള്ളിൽ നാലു മുറികളുള്ള ഒരു സ്ഥിര കെട്ടിടം അനുവദിക്കുകയും അതിൻറെ പണി പൂർത്തിയാക്കുകയും ചെയ്തു. 2 മൂത്രപ്പുരകളുടെ നിർമ്മാണവും ഇതോടൊപ്പം നടന്നു.

കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ജീവൻവെച്ചു. ജില്ലാ കൗൺസിൽ വകയായി ലഭിച്ച 10,000 രൂപയും ലോട്ടറി നടത്തിപ്പിലൂടെ സമാഹരിക്കപ്പെട്ട 15,000 രൂപയും ഉപയോഗിച്ച് താഴെ രത്നകുമാരി ടീച്ചറുടെ വീട്ടിൽ നിന്ന് മോട്ടോർ വച്ച് ടാങ്ക് കെട്ടി വെള്ളം ലഭ്യമാക്കി. 1985 ൽ നാലു മുറികളുള്ള ഓടോ ആസ്ബസ്റ്റോസ് ഷീറ്റിട്ട കെട്ടിടം പണിയുന്നതിന് ഒരുലക്ഷം രൂപ അനുവദിക്കുകയും അതിന് നിർമ്മാണം അന്നത്തെ പ്രധാനാധ്യാപകനായിരുന്ന രാമർ മാസ്റ്ററുടെ നേതൃത്വത്തിൽ നടത്തുകയും ചെയ്തു.

ജില്ലാ പഞ്ചായത്ത് അനുവദിച്ച സ്കീം പ്രകാരം 3 ക്ലാസ് മുറികളുള്ള കെട്ടിടം പണിത് പെൺകുട്ടികൾക്ക് ഒരു മൂത്രപ്പുര 15000 രൂപ ചിലവിൽ നിർമ്മിച്ചു.കുടിവെള്ളത്തിന്റെ പൂർണ്ണമായ ലഭ്യത ഇല്ലാത്തതിനാൽ ബുദ്ധിമുട്ടുണ്ടായിരുന്ന വിദ്യാലയത്തിന് കേരള വാട്ടർ അതോറിറ്റി അഞ്ചരലക്ഷം രൂപ മതിപ്പ് ചെലവിൽ നിർമിച്ചു നൽകിയ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തതോടെ ശാശ്വത പരിഹാരമായി.

വൈദ്യുതി കണക്ഷൻ ,ടെലിഫോൺ കണക്ഷൻ തുടങ്ങിയവ നേരത്തെ തന്നെ ലഭിച്ചു.കംപ്യൂട്ടർ പഠനകേന്ദ്രം മൂന്നു വർഷം മുമ്പ് ആരംഭിച്ചു.ഇപ്പോൾ 13 ഡിവിഷനുകളിലായി 400–ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.ഒരു നോൺ ടീച്ചർ സ്റ്റാഫ് ഉൾപ്പെടെ 18 പേർ ഇവിടെ ജോലി ചെയ്യുന്നു.

ഒരു കഞ്ഞിപ്പുര 1995 ൽ ജില്ലാ പഞ്ചായത്ത് വകയായി ലഭിച്ചിട്ടുണ്ട്.ഈ സ്കൂളിന്റെ സുവർണ്ണജൂബിലി വർഷത്തിൽ പോലും ഒരു കളിസ്ഥലമില്ലാത്ത ഒരു സ്കൂളായി ഇത് നിലനിന്നിരുന്നു.ഇത് ഒരു ഹൈസ്കൂൾ ആയി ഉയർത്തുവാനുള്ള ശ്രമം പി.ടി.എ യുടെ ഭാഗത്ത് നിന്ന് നടന്നു. മാതൃസമിതിയും, പി.ടി എ യും ഇവിടെ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

ഈ പ്രദേശത്ത് തിങ്ങി താമസിക്കുന്ന ദരിദ്രരായ ബഹുഭൂരിപക്ഷം ജനങ്ങളുടെയും സഹായ സഹകരണത്തിന്റെയും കൈകോർക്കലിന്റെയും ശ്രമഫലമാണ്, കുന്നിന്റെ മുകളിൽ പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന ഈ മഹാസ്ഥാപനം ...........

ഇന്ന് 3 നോൺസ്റ്റാഫുകളും 30–ഓളം ടീച്ചേർസ്മാരും 17–ഡിവിഷനുകളിലായി 392 കുട്ടികളും ഇവിടെയുണ്ട്.

## ഗോകുലിന് കിട്ടിയ അമ്മ

ഉത്തര പി ആർ

ആശുപത്രി വരാന്തയിലെ തൂണിൽ ചാരിയിരുന്ന് കരയുന്ന ആ അമ്മയുടെ കണ്ണുകൾ അരികിൽ ചെന്ന് തുടച്ച് കൊടുത്താലോ എന്ന് ഗോകുലിന് തോന്നി. ആശ്വസിപ്പിക്കുവാൻ ആരുമില്ലാതെ എത്രയോ നാളുകൾ താനും ഇങ്ങനെ കരഞ്ഞിട്ടുണ്ട്. അവന് ആ അമ്മയോട് ദയ തോന്നി. അവൻ ആ അമ്മയുടെ അടുത്ത് ചെന്ന് കണ്ണുകൾ തുടച്ച് കൊടുത്തു. ആ അമ്മ അവനോട് പറഞ്ഞു 'മോനെ നീ ആരാ ? നിന്റച്ഛനും അമ്മയും എല്ലാം എവിടെപ്പോയി' "അയ്യോ അമ്മേ എനിക്ക് അച്ഛനും അമ്മയും ഇല്ല .അമ്മേ നിങ്ങൾക്ക് ആരെങ്കിലും ഉണ്ടോ ?"



"ഇല്ല മോനെ .ഞാനും നിന്നെപോലെ അനാഥയാണ്" "അപ്പോൾ ഞാൻ നിങ്ങളെ സ്വന്തം അമ്മയായി കണ്ടോട്ടെ ."


"അതിനെന്താ മോനെ നീ എന്നെ നിന്റെ സ്വന്തം അമ്മയായി കണ്ടോളൂ." അപ്പോൾ ഗോകുലിന് വളരെ സന്തോഷം തോന്നി. ആ ദിവസം അവന് ഏറ്റവും വിലപ്പെട്ടതായിരുന്നു. ഒരിക്കൽ അവനും അവന്റെ അമ്മയും ഒരു വീടുണ്ടാക്കാൻ തീരുമാനിച്ചു.അവർ രണ്ടു പേരും നല്ല മനോഹരമായ വീടുണ്ടാക്കി.അവർ ആ വീട്ടിൽ സന്തോഷത്തോടെ താമസിച്ചു.അവൻ ആ അമ്മയെ സ്വന്തം അമ്മയാണെന്ന് കരുതി ദൈവത്തോട് നന്ദി പറഞ്ഞു.അവന് ആ അമ്മയെ ദൈവം തന്നതാണെന്ന് അവന് തോന്നി.അവൻ ആ അമ്മയെ പൊന്നുപോലെ നോക്കി.അവനും ആ അമ്മയും സന്തോഷത്തോടെ ജീവിച്ചു.

# കിരാതം - കുഞ്ചൻ നമ്പ്യാര്

തന്മയ എം ആർ

പതിനെട്ടാം നൂറ്റാണ്ടിലെ മലയാളചലച്ചിത്രലോകത്ത് അനർഘമായ പുരസ്കാരമായിരുന്നു കലക്കത്ത് കുഞ്ചൻ നമ്പ്യാർ. മലയാള സാഹിത്യത്തിന്റെ വളർച്ചയുടെ പന്ഥാവിൽ ആ വ്യക്തിത്വത്തിനു മുന്നിൽ അല്പനേരം ഒന്ന് തലകുനിക്കാതെ ആർക്കും കടന്നു പോകാൻ വയ്യ. സമകാലിക സാമൂഹ്യ സാമുദായിക വ്യവസ്ഥിതികളെ ഹാസ്യരൂപേണ ചോദ്യം ചെയ്തുകൊണ്ടാണ് കുഞ്ചൻനമ്പ്യാരുടെ രംഗപ്രവേശം രാജാവും പ്രജയും കുഞ്ചൻനമ്പ്യാരുടെ കൂർത്ത വാക്ക് ശരമേറ്റ് പുളഞ്ഞു. അതിന്റെ അർത്ഥമറിഞ്ഞ് ഉറഞ്ഞുതുള്ളി ചിരിച്ചു. അദ്ദേഹം ചിട്ടപ്പെടുത്തിയ എടുത്ത് ഓട്ടം തുള്ളൽ പ്രസ്ഥാനം കാലത്ത് കേരള സംസ്കാരത്തിന് പാരമ്പര്യകലകൾ പ്രമുഖസ്ഥാനം കൈവരിക്കുകയായിരുന്നു. കേരളം എന്ന

ഗ്രന്ഥം ഉൾക്കൊണ്ട കലയാണ് ഓട്ടംതുള്ളൽ. മലയാളികളുടെ പ്രജ്ഞയിൽ എക്കാലവും ഉണർന്നിരിക്കുന്ന കലാരൂപങ്ങൾ ഓട്ടൻതുള്ളൽ തന്നെ.





# ജീവിതസ്മരണസ്വപ്നം

അഞ്ജിമ കെ

ആഴത്തിൽ അറിയുന്ന

ഞാനാ സ്മരണകൾ

ആഴത്തിൽ ഓളത്തിൽ

അറിയുന്ന സ്മരണകൾ

അറിയാതെ പോവുന്ന

സ്വപ്ന സ്മരണകൾ

നീർച്ചാലുകളായ് ആദ്യം

പിന്നെ കവിഞ്ഞ പുഴയായി മാറി



പുഴയായി,നദിയായി

മഹാസാഗരവുമായി സ്വപ്നം

സ്വപ്നമാണോ അഖിലസാഗരം

പ്രിയേ,മനതാരിൽ ഉഷസ്സിന്റെ

സുവർണ്ണങ്ങളാൽ ദീപ്തമായി–

മാറിയ എന്റെ സുരസ്വപ്നങ്ങൾ

മൗനത്തിലായിരുന്നെൻ സ്വപ്നം

അറിയാതെയെൻ മനതാരിൽ

മൊട്ടിട്ടുണർന്ന വന്നു സ്വപ്നം

മനസ്സിലെ ജനൽ പിടികൾ

അഴിമെന്നോട്ട് നോക്കുന്നെൻ സ്വപ്നം

ഇരകളിൽ അടിമയായി മാറി,

നാല് ചുവരുകളിൽ ഏകാന്തമായി,

ഏകാന്തമായെൻ ദീർഘസ്വപ്നം



അറിയാതെ ഓർമ്മയായ്

അശാന്തമായ് ഭാവമായ്

ഓർമ്മയായി മാറിയെൻ സ്വപ്നം
എന്റെ സ്വപ്നം വന്നു

വന്നു എൻ സ്വപ്നം

ഹൃദയത്തിൽ വർണമായ്

വെണ്മയോടെ മനതാരിൽ

എന്നും സൂക്ഷിക്കുവാൻ ഞാൻ

ഓർക്കുകയാണെൻ സുന്ദരസ്വപ്നം

എന്തിനി ലോകം

എന്തിനി സ്വപ്നം

മനതാരിൽ ഉണങ്ങിയും നിദ്ര–

വറ്റി വരണ്ട സ്വപ്നം

സ്വപ്നത്തിലാഴത്തിൽ

അറിയുന്ന പറയുന്ന.

ശിഖരങ്ങളിൽ തട്ടി

പൊട്ടുന്ന എൻ സ്വപ്നം

നിർജ്ജീവമായ് മാറുകയും

വിധിയാണെൻ ജീവിതം

വിധിയാണെൻ സ്വപ്നം

എല്ലാം വിധിയായ് മർന്നമിക്കുന്ന

ഒരു കാലം വരമായ്
പുതുലോകകാലം വരുന്ന എന്നും
മനസ്സിൽ എന്തോ വന്ന നിൽക്കുന്ന–
പോലെയായി ഉള്ളിന്റെ ഉള്ളിൽ
എന്തെന്നറിയാത്തൊരു ഉന്മേഷമായി
മാറിയെൻ സ്വപ്നം

## കുസൃതി ചോദ്യങ്ങൾ

1.ആണുങ്ങൾ വലത്തെ കയ്യിലും പെണ്ണുങ്ങൾ വലത്തെകയ്യിലും വാച്ചുകെട്ടുന്നതെന്തിന് ?

ഉ.സമയം നോക്കാൻ

2. ഏറ്റവും ചെറിയ പാലം ?

ഉ. മൂക്കിന്റെ പാലം

3. താമസിക്കാൻ പറ്റാത്ത വീട് ?

ഉ. ചിവീട്

4.വാഹനങ്ങളുമായി ബന്ധപ്പെട്ട നൃത്തരൂപം

ഉ. ബ്രേക്ക് ഡാൻസ്

5.നട്ടാലും മുളയ്ക്കാത്ത പയർ

ഉ. അമ്പയർ

6. തലകുത്തി നിന്നാൽ വലുതാകുന്നതാര് ?

ഉ. 6

7.വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു ?

ഉ. നിഴൽ

8.ആരു ആഗ്രഹിക്കാത്ത പണം ?

ഉ. ആരോപണം

9. തലയുള്ളപ്പോൾ ഉയരം കുറവ് .. തലയില്ലാത്തപ്പോൾ ഉയരം കൂടുതൽ ?

ഉ. തലയിണ

10. മുകളിലേക്ക് പോയാൽ തിരിച്ചുവരാത്തത് ?

ഉ. വയസ്സ്

11.ആവശ്യക്കാർ വാങ്ങാറില്ല വാങ്ങുന്നവർ ഉപയോഗിക്കാറില്ല ?

ഉ. ശവപ്പെട്ടി

12.പോകുമ്പോൾ നാലാൾക്ക് നാലു നിറം, വരുമ്പോൾ ഒരാൾ ഒരു നിറം ?

ഉ. വെറ്റില മുറുക്കുന്നത്

13. കുത്തിയാൽ മുളയ്ക്കില്ല വേലിയിൽ പടരും ?

ഉ. ചിതൽപ്പുറ്റ്

14.ജീവനില്ല കാലുമില്ല ഞാനെത്താത്ത ഇടവുമില്ല എന്നെക്കൂടാതെ
നിങ്ങളുടെ ജീവിതം ദുഷ്കരം. ആരാണ് ഞാൻ ?

ഉ. വായു

15.നനവേറ്റാൽ വാട്ടും  ചൂടേറ്റാൽ വാട്ടം തീരും ....?

ഉ. പപ്പടം

16. മുകളിൽ കാട് അടിയിൽ പാറ ഉള്ളിൽ ചോറ്. ?

ഉ. തല

17.പാട്ട് പാടി ഡാൻസ് ചെയ്യുന്ന ജീവിയുടെ പേര് ?

ഉ. ചിരഞ്ജീവി

18.വെച്ചടി വെച്ചടി കയറ്റം കിട്ടുന്ന ജോലി

ഉ. തെങ്ങു കയറ്റം

19. മഴ പെയ്യുന്നതെങ്ങനെ ?

ഉ. തുള്ളി തുള്ളിയായി

20.ഒരു ക്ലോക്കിൽ  13 അടിച്ചാൽ എന്തു സമയമായി ?

ഉ. കളയാൻ സമയമായി

21. ഒറ്റക്ക് കോറസ് പാടാൻ കഴിവുള്ളത്....?

ഉ. രാവണൻ

22. റോഡിലൂടെ വണ്ടിയോട്ടുന്നതെന്തുകൊണ്ട് ?

ഉ. ചക്രം കൊണ്ട്

23. അടിക്കുന്തോറും നീളം കുറയുന്നതെന്ത്

ഉ. ആണി

24. ഇടത്തെകയ്യിനാൽ പിടിക്കാം വലത്തെ കയ്യിനാൽ പിടിക്കാൻ പറ്റില്ല ?

ഉ. വലത്തെ കൈമുട്ട്

25. വെട്ടുംതോറും നീളം കൂടുന്നതെന്ത് ?

ഉ. വഴി



# കാക്കൊരു ആശ!!!

കറുമ്പികാക്കൊരു ആശ ഒരേ
ഒരാശ.കാക്കയ്ക്ക് വെളുക്കണം.കുളത്തിൽ
പോയി കുളിച്ചു വെളുത്തില്ല.സങ്കട
മായി.സോപ്പിൽ കുതിർന്നു.ഉരച്ച് ഉരച്ച് കുളിച്ചു
പക്ഷെ വെളുത്തില്ല.കാക്ക പിന്നെയും വിചാരിച്ചു
കൊക്കാ
കണെമെന്ന്.കുളിച്ച് കുളിച്ച് തന്റെ തൂവൽ
പോയി.കാക്ക തന്റെ കുറവ് കടിച്ചമർ
ത്തി.അപ്പോൾ കാക്കയ്ക്ക
മനസ്സിലായി കാക്ക കുളിച്ചാൽ കൊക്കാകില്ല!!!!!

സൗഗ്യ



# മാരിവിൽ ചന്തം

*സി.പി.പള്ളിപ്പുറം എഴുതിയതാണ്*
*മാരിവിൽ ചന്തം.ഇതിൽ മഴവില്ലിനെ കുറിച്ചാണ്*
*പറയുന്നത്.ഏഴ്*
*നിറമുള്ള വസ്ത്രം ചുറ്റി ഏഴ് സ്വപ്നങ്ങളു നെഞ്ചിലേറ്റി*
*മാ*
*ഖമാരുടെ നാട്ടിൽ നിന്നാണോ നീ വരുന്നത്.ഈ*
*മിന്നു*
*ന്ന ചേല തുന്നുന്ന തയ്യൽക്കാരെനെങ്കിലുംനിന്റെ*
*കൂടെയു*
*ണ്ടോ? നിന്റെ മിന്നുന്ന വസ്ത്രം കാണാൻ*
*എന്തൊരു ഭംഗി*
*യാണ് മഴവില്ലെ...നീ മാനത്തു ഉദിച്ചു നിൽ*
*ക്കുമ്പോൾ മഴ*
*ക്കാർ നീന്തി കളിക്കുമ്പോൾ  മയിലുകൾ പീലി നിവർ*
*ത്തി*
*നൃത്തം ചെയ്യുന്നു.*



# സൗന്ദര്യലഹരി

ചങ്ങമ്പുഴ കൃഷ്ണപിള്ള

***പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്ര കാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനർഗ്ഘമായീട്ടും
ചാരുതയൊന്നീ ലോകഗാളത്തെപ്പൂതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവ്വദിങ്ങ്മുഖത്തിങ്കൽ സിന്ദൂരപൂരംപൂശി-
പ്പൂവിനെച്ചിരിപ്പിച്ചുവന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾവാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയുംസന്ധ്യാ ശ്രീയും;***

വാനിലുല്ലസിച്ചിടും വാര്മതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;–
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു–
ള്ളെന്തും,ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്തമണിത്തെന്നൽ സൗരഭോന്മദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവെ;
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി–
ത്തന്തിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി–
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവെ;
മരന്ദം തുളുമ്പുന്ന മലരിൽ ചുറ്റും കൂടി
മുരളും തേനീച്ചകൾ പറന്നു കളിക്കവെ;
വല്ലികാനടികൾ നൽപല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവെ;
അറിയാതവരോടുകൂടി നമ്മളു,മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈ വിധം മനോഹരവസ്തുക്കളെല്ലാം നമ്മെ–
"ജ്ജീവിക്കു, ജീവിക്കു," കെന്നുൽബോധിപ്പിപ്പൂ നിത്യം.
"നുകരു,നുകരു,മത്സൗന്ദര്യം!"–നമ്മോടിളം–
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.
"മുറുകെ മുകർന്നീടുകോമനേ, പിന്നെപ്പിന്നെ
മറവിക്കകത്തേയ്ക്കു വീണടിയേണ്ടോരെന്നെ!"
പാടലദലാധരം പേർത്തുമുച്ചലിക്കെ,ച്ചെ–
റ്റാടലാർന്നളിയോടു പനിനീർപ്പൂവർത്തിപ്പൂ.
ഹ് ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;
നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീർക്കാനാവുകി, ലതേ കാമ്യം!

*സായാഹ്നരാഗംപോലെ സർവ്വവും തേയാം, മായാം*
*പോയാലോ പോയി;–പിന്നെയൊന്നു, മില്ലെല്ലാം*
*ശൂന്യം!*
*ഇന്നുനാമുള്ളോ,രില്ലാത്തവരായ്ത്തീർന്നിടേണം*
*പിന്നാലെവരുന്നോർക്കൊരന്ധാന്വേഷണത്തിനാ*
*യ്.*
*ഇന്നലെ,ത്തേങ്ങിത്തേങ്ങിയെന്തിനോകരഞ്ഞു*
*ഞാ–*
*നിന്നിനിച്ചിരിക്കട്ടെ;–*
*നാളെഞാനൊഴിഞ്ഞേയ്ക്കാം!*
*പുതുമേ, വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ*
*'മതി!'– യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും!*




## മാൻകുട്ടി

**ഒരു ദിവസം ഒരു മാൻ കുട്ടി കാട്ടിലൂടെ നടന്ന് പോവുകയായിരുന്നു.പെട്ടെന്ന് എവിടെ നിന്നോ ഒരു ശബ്ദം. മാൻകുട്ടി പേടിച്ചുപോയി.രക്ഷപ്പെടാൻ മാൻകുട്ടി വേഗത്തിൽ ഓടി.അപ്പോഴതാ മുമ്പിൽ ഒരു സിംഹം. അപ്പോൾ മാൻ വേറൊരു വഴിയിലൂടെ ഓടി രക്ഷപ്പെട്ടു...**

ALFIYA



<u>പൂവ്</u>

*പൂവേ പൂവേ പെൻ പൂവേ*
പൂന്തോട്ടത്തിൽ ഉണ്ടോന്നീ
പൂവിൻ നിറയെ തേനുണ്ടോ
പൂമ്പാറ്റകൾ വരുന്നുണ്ടോ
തൊടിയിൽ വിടരും
പൂക്കളെ നോക്കാൻ
കണ്ണിനെ വേഗമുണർത്താൻ
പൂമണമുയരും നേരത്തൊക്കെ
മൂക്കിനെ മാടി വിളിക്കാം.

*ARYANANDHA M*



# ഒരു പക്ഷിക്കഥ

ചന്നം പിന്നം മഴ
പെയ്യുന്നു
ചക്കരമാവിൻ
ചില്ലകളിൽ
ചക്കരമാവിൻ
ചില്ലയിലുണ്ടൊരു
ചകരിക്കൂട് കിളിക്കൂട്
ചകരിക്കൂടിനു
മുൻഭാഗത്ത്
ചപ്പിലക്കൊണ്ടരു
കിളിവാതിൽ.
ചന്നം പിന്നം മഴ
പെയ്തപ്പോൾ

ചപ്പില പാറിപ്പോയപ്പോൾ
കൂടിനകത്തെ
കുരുവിക്കുഞ്ഞ്
കുളിരാൽ മേനി
വിറച്ചപ്പോൾ
ചിറകാൽ വാതിലടച്ചല്ലോ!!!

AVANDHIKA

## പൂന്തോട്ടം

എനിക്കുമുണ്ടൊരു പൂന്തട്ടം
കുഞ്ഞു പൂന്തോട്ടം
റോസ,മുല്ല,തെച്ചി,ജമന്തിപ്പൂ
പൂത്തു നിൽക്കും പൂന്തോട്ടം
സൂര്യനെ നോക്കി നിൽക്കും
സൂര്യകാന്തിപ്പൂ
പൂന്തോട്ടത്തിൽ റാണിയായി
നിൽക്കും
സുന്ദരമായ പൂന്തോട്ടം...

DAVANANDHA
PK



<u>ഓണംവരുകയായ്</u>

ഓണക്കാലം കേരള
ജനത
മറന്ന് പോകാനായ്
ഓണക്കാലം
പൂവുകെളല്ലാം
മറന്ന് പോകാനായ്
കേരളനാട്ടിൽ ഓണവും
പൂവും
മറന്ന് പോകാനായ്
മറന്ന് പോയ് മറന്ന്
പോയ്
കേരള ജനതകൾ

പൂക്കളുമില്ല ഉത്സവും ഇല്ല...

HIBA EK



<u>പനിനീർച്ചെടി</u>

*ഞാൻ പനിനീർച്ചെടി.ഞാൻ കാഴ്ച നഴ്സറിയിൽ നിന്നു വരുന്നു.ഇപ്പോൾ പല വീട്ടുകളിലുമുണ്ട്.എനിക്കിപ്പോൾ വളവും ജലവും കിട്ടുന്നുണ്ട്.എന്നെ പറിക്കുമ്പോൾ എനിക്ക വേദനിക്കാറുണ്ട്.എന്റെ മുള്ള് അവരെയും വേദനി-ഷിക്കുന്നുണ്ട്.സത്യത്തിൽ എനിക്ക് സങ്കടമുണ്ട്.എന്റെ നിറം ചുവപ്പാണ്.എന്റെ*

നിറമാണ് പലർക്കും ഇഷ്ടപ്പെടുന്നത്.ഇതാണ് എന്റെ പ്രത്യകത....

HIBA KP



<u>ബാല്യ കാലം</u>

സുന്ദരമാണെൻ ബാല്യം
സ്നേഹമാണെൻ ബാല്യം
ജീവിത മധുമയിലാകെ
പുഞ്ചിരി തൂകും ബാല്യം

കണ്ണ് ചിമ്മും നക്ഷത്രം
നാണിച്ച് നിൽക്കും
നിലാവുകൾ

ചിരിച്ച് നിൽക്കും കാറ്റുകൾ

ബാല്യം ബാല്യം
സുന്ദരമായ ബാല്യം...

JUMANA FATHIMA

# മിന്നാമിനുങ്ങ്

കുമാരനാശാൻ

ഇതെന്തൊരാനന്ദമിതെന്തു
കൗതുകം!
സ്വതന്ത്രമായ്
സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ!
പറ–
ന്നിതാ തൊട്ടുമ്മുമ്പിതു
വിണ്ണിലായിതേ!




ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്–

ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുട്ടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെട്ടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്ക, മിന്നൽപ്പിണരിൻ
സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

പുളച്ചിട്ടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്കയോ?

മിനുങ്ങി നീ ചെന്നിട്ടു, മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭ്രൂരുഹം
അനങ്ങിടാതങ്ങനെ നിൽപ്പി,താർക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!

അതാ വിളങ്ങുന്നു ഭവദ്ഗണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി;
അതിന്നൊടൊക്കില്ലൊരു ചക്രവർത്തിത-
ന്നതിപ്രകാശം കലരും കിരീടവും.

പരന്ന വൻശാഖകൾ മേലിവറ്റയാർ-
ന്നിരുട്ടിൽ മിന്നുന്നു മരങ്ങളാകവേ;
നിരന്നു നക്ഷത്രഗണങ്ങൾ കീഴമാ-
ർന്നിരട്ടയായ് തീർന്നൊരു വിണ്ണുപോലവേ.

*വിളങ്ങിയും മങ്ങിയുമൊന്നിതാ വരു–*
*ന്നിളങ്കതിർത്തുവെളിയാർന്നു പൊങ്ങിയും*
*തളർന്നുവീണും—ചെറുതാരമൂഴിതാൻ*
*വളർപ്പതാമിങ്ങിതു—തള്ള വാനിലാം.*

*മുറിക്കകത്തായിതു! ഹാ! പ്രകാശമേ,*
*കരത്തിൽ വാ, കേറുക പുസ്തകങ്ങളിൽ,*
*ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ–*
*ലിരിക്ക വന്നീയണിമേശമേലുമേ.*

*കനക്കുമുത്സാഹമൊടങ്ങുമിങ്ങും*
*തനിക്കു തോന്നുമ്പടിതന്നെയെങ്ങും*
*മിനുങ്ങിമങ്ങും ചൊടിയാർന്ന മിന്നാ–*
*മിനുങ്ങുമുൾപ്പൂവുമുടപ്പിറപ്പോ?*

# ഓണം

*പുടവയുടെ പുതുവെണ്മ–*

പൂത്തുലഞ്ഞീടുവാൻ
പുലരികൾ പൂപ്പുടവ നീർത്തിനിൽക്കേ–
പൂവുകൾ പുലരിയെ
പ്രണയിക്കുവാണൻ വന്ന
വേളയെ നാമൊന്നു വേട്ടനിൽക്കേ –
ഒഴുകുന്ന കലാപ്രവാഹത്തിലിപ്പഴം
ഓണമൊരു മായാ മരീചിയായി.
കേരളപ്പെരുമയുടെ സ്വപ്നങ്ങൾ
ഭൂവിലോരോമൽ പുളകം പുതഞ്ഞു നിൽക്കേ,
ഇവിടെയീ യേകാന്ത മാനസ തംബുരു
ആർത്തരുടെ ശോകത്തെ മീട്ടിമീട്ടി
അവിടേയക്കിനിയെത്ര ഇരുവുകൾ
പകലുകൾ.

വിഷു പക്ഷി

അച്ഛൻ കൊമ്പത്ത്....
അമ്മ വരമ്പത്ത്.....

***അന്നു വിഷുക്കിളി പാടി***

***നമ്മുടെ***

***പുഞ്ചപ്പാടത്ത്....***

***പുഞ്ചപ്പാടത്ത്..***

***'കള്ളൻ ചക്കേട്ടു....***

***കണ്ടാമിണ്ടണ്ട....'***

***ഇന്നു വിഷുക്കിളി പാടണ***

***പാട്ടിൻ***

***സാരമിതല്ലേലോ....***

***സാരമിതല്ലേലോ.***

*SREELAKSH*

*MI*

<u>വീണപൂവ്</u>

**ഹാ**! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ
നീ
ശ്രീ ഭൂവിലസ്ഥിര-അസംശയ-മിന്നു നിന്റെ-
യാഭ്രതിയെങ്ങു പുനരെങ്ങു

കിടപ്പിതോർത്താൽ? 1

ലാളിച്ച പെറ്റ ലതയമ്പൊട്ട ശൈശവത്തിൽ
പാലിച്ച പല്ലവപുടങ്ങളിൽ വെച്ച നിന്നെ;
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ 2

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോട്ട ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ
3

ശീലിച്ച ഗാനമിടചേർന്നു ശിരസ്സു മാട്ടി-
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്വവുമയേ, തെളിവാർന്ന
താരാ-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ
4

**ഈവണ്ണമമ്പൊട്ട വളർന്നഥ നിൻറെയംഗ-**
**മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ**

**ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,**
**പൂവേ, അതിൽ** പുതിയ പുഞ്ചിരി സഞ്ചരിച്ചു. 5

ആരോമലാമഴക്, ശുദ്ധി, മൃദുത്വ, മാഭ
സാരള്യമെന്ന, സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ; ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻ നില കാണണം
താൻ. 6

വൈരാഗ്യമേറിയൊരു വൈദികനാട്ടെ,
യേറ്റ-
വൈരിക്കു മുൻപുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടർന്നു വിലസീടിന നിന്നെ
നോക്കി-
യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം.
7

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-

മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ;
ചിത്രമല്ല-
തില്ലാർക്കുമീഗുണവു, മേവമകത്തു തേണം. 8

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ-
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം.
9

"കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന"മെന്നു നിന്റെ–
യീ ലോലമേനി പറയുന്നനുകമ്പനീയം. 10

അന്യോപമാണഴകു കണ്ടു വരിച്ചിടും നീ–
യെന്നോർത്തു
ചിത്രശലഭങ്ങളണഞ്ഞിരിക്കാം;
എന്നല്ല, ദൂരമതിൽനിന്നനുരാഗമോതി

വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ.
11

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ച
തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ട
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം. 12

"എന്നംഗമേകനിഹ തീറുകൊടുത്തുപോയ്
ഞാൻ
എന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?
ഇന്നോമലേ വിരവിലെന്നെ വെടിഞ്ഞിടല്ലേ"
എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു?
13

ഹാ! കഷ്ട,മാ വിബുധകാമിതമാം ഗുണത്താ-
ലാകൃഷ്ടനാ, യനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നൊടൊരുമിച്ച മരിച്ചു; നിത്യ-
ശോകാർത്തനായിനിയിരിപ്പതു
നിഷ്ഫലംതാൻ. 14

BY ALBIN K



**കഴുകന്റെ കാഴ്ചകൾ**

**ഉയരെപ്പറക്കും കഴുകന്നു പാടം**
**പച്ചക്കമ്പളമാകുന്നു.**
**വെള്ളംകയറി നിറഞ്ഞതടങ്ങൾ**
**പൊട്ടിയചില്ലുകളാകുന്നു**

മലയടിവാരം ചുററിവരുന്നൊരു
പുഴയൊരു വെണ്ണതൂകിലാകുന്നു
ചിതറിക്കാണും വീടുകളോരോ
വിതറിയ കാട്ടുകളാകുന്നു
ഭൂമിയെമൂട്ടും മൂടൽമഞ്ഞല
പഞ്ഞിത്തുണ്ടുകളാകുന്നു
വലിയമരങ്ങൾ നിറഞ്ഞൊരു കാട്ടും
നല്ലൊരു പുൽമേടാകുന്നു
നമ്മുടെറോഡുകൾ നാനാവിധമായ്
ചിന്നിയ നാടകളാകുന്നു.
അതിലേയലയും നാമോ?കഴുകന്റെ
ചോണനുറുമ്പുകളാകുന്നു!

by .Rasal

## രാവണൻ

ലോകത്തിൻകണ്ണിരുളി
ലാണ്ടുപോയോർക്കും

കഴിഞ്ഞില്ല പുരുഷ ശ്രേഷ്ഠനാം
രാവണനെക്കാണുവാൻ.
കൂടപ്പിറപ്പിനെ ക്രൂരമായി
പീഡിപ്പിച്ച കാരണ-
മല്ലയോ സീതാപഹരണ-
ത്തിനിവന്ന കാരണമായത്.
കാമാന്തനായന്തപ്പുരത്തി-
ലേക്കാനയിച്ചില്ല ബന്തനസ്ഥയാം
സീതയെ തന്ത്രപൂർവം
സർവാതികാരിയാം ലൻകാനായകൻ-
ആകാശപ്പന്തലിനും കീഴി-
ലശോകവനമധ്യത്തിലിരുത്തി
രാവണൻ പരപുരുഷദർശനം
പാപമായ്കരുതിയ സീതയെ.

By .Fayis t k

## മാൻ

ഒരു ദിവസം ഒരു മാൻകുട്ടി
കാട്ടിലൂടെ
നടക്കുകയായിരുന്നു.പെട്ടെന്ന്

എവിടെനിന്നോ ഒരു ശബ്ദം .മാൻ കുട്ടി പേടിച്ചു പോയി.രക്ഷപ്പെടാൻ മാൻകുട്ടി വേഗത്തിൽ ഓടുകയായിരുന്നു.അപ്പഴത മുന്നിലൊരു സിംഹം.മാൻ കുട്ടിവേഗം വേറൊരു ഭാഗത്തേക്ക് ഓടി ഒളിച്ചു രക്ഷപ്പെട്ടു.

by .Amalraj ar

## കേരളനാട്

എത്ര മനോഹരമാണിതു നാട്
മുത്തുപോലുള്ള ഒരു നാട്
അപ്സര നർത്തകമാടുന്ന നാട്
വെയിലും മഴയും മിന്നൽ പിണരും
പലകുറിവന്നിട്ടുമെൻെറ നാട്

നീലനഭസ്സിൽ നിർവ്രതി-
യുളളോരു നാട് എൻെറ നാട്.
പച്ചിലച്ചോരുനാട്
താഴവരപ്പൂൽകും
കോച്ചരുവിയോഴുകും നാട്
ഇതുചേതോഹരമായോരു നാട്
കല്പ വ്രുക്ഷം നിറഞ്ഞോരു നാട്
കാനനത്തിൽ മയിലുകൾ
ന്രത്തംചെയ്യുന്ന നാട്
കാവലസുണ്ടരമായൊരു നാട്
നാട് ഇതു എൻെറ നാട്
കേരളനാട്.

BY NIKHILA C



# Thank you